


# അട്ടപ്പാടിയിലെ കാർഷിക ഉത്പന്നങ്ങൾ ജനപ്രിയമാക്കി 'ഹിൽ വാല്യു'



എസ്. ഹരികിഷോർ ഐ എ എസ്
എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ

അട്ടപ്പാടിയിലെ പ്രധാന ഉപജീവന പദ്ധതിയായ കാർഷിക മേഖലയിലെ വിവിധ പ്രവർത്തനങ്ങളെക്കുറിച്ച് Making an Impact 179, Making an Impact 180 എന്നീ ലേഖനങ്ങളിൽ വിശദീകരിച്ചിരുന്നുവല്ലോ. ഈ പദ്ധതിയുടെ ഭാഗമായി നടപ്പാക്കിയ മറ്റൊരു പ്രധാന പ്രവർത്തനമാണ് ബ്രാൻഡിങ്. കാർഷിക ഉത്പന്നങ്ങൾക്ക് സ്ഥിര വിപണി കണ്ടെത്തുന്നതിന് 'ഹിൽ വാല്യു' എന്ന പേരിൽ കുടുംബശ്രീ കാർഷിക ഉത്പന്നങ്ങളുടെ ബ്രാൻഡ് ഞങ്ങൾ വികസിപ്പിച്ചു.

അട്ടപ്പാടി മേഖയിലെ പരമ്പരാഗത കാർഷിക ഉത്പന്നങ്ങളായ റാഗി, ചാമ, തിന, വരഗ്, കടുക്, തേൻ, കുരുമുളക്,

ചോളം, തുടങ്ങി 30 ഓളം ഉത്പന്നങ്ങൾ ഹിൽ വാല്യൂ എന്ന ബ്രാൻഡിൽ വിപണനം നടത്തുന്നതിനാണ് ഞങ്ങൾ തീരുമാനിച്ചത്. ഇതിന് വേണ്ടി ഉത്പന്നങ്ങളുടെ ശേഖരണം നടത്തുകയും സോർട്ടിങ്ങും ഗ്രേഡിങ്ങും പാക്കിങ്ങും നടത്തി വിവിധ ഘട്ടങ്ങളിലൂടെ ഗുണനിലവാരം ഉറപ്പ് വരുത്തുകയും ചെയ്ത ശേഷം ഹിൽ വാല്യു ബ്രാൻഡിൽ ഉത്പന്നങ്ങൾ വിപണിക്കായി തയാറാക്കി. ഉത്പന്നങ്ങളുടെ പാക്കിങ്ങും ബ്രാൻഡിങ്ങും നടത്തുന്നത് ഷോളയൂർ പഞ്ചായത്ത് സമിതിക്ക് കീഴിലെ രുശി കൊണ്ടാട്ട ഗ്രൂപ്പിന്റെ നേതൃത്വത്തിലാണ്. ധാന്യങ്ങൾ പൊടിക്കുന്നത് കുടുംബശ്രീ സംരംഭ യൂണിറ്റായ മല്ലീശ്വര മില്ലിലും.

ഡൽഹിയിലെ ഇന്ത്യ ഇന്റർനാഷണൽ ട്രേഡ് ഫെയർ, മുംബൈ സരസ് മേള, കേരള നിയമസഭ മന്ദിരത്തിൽ ഗോത്രപ്പെരുമ മേള, ഗദ്ദിക പട്ടിക വർഗ്ഗ മേള തുടങ്ങിയ പ്രധാനമേളകളിൽ അട്ടപ്പാടി ഹിൽ വാല്യൂ യൂണിറ്റ് പങ്കെടുത്തു കഴിഞ്ഞു. വിവിധ മേളകളിൽ നിന്നായി 16,17,628 രൂപയുടെ വിറ്റുവരവും ലഭിച്ചു.




ആദിവാസി മേഖലയിൽ ഞങ്ങൾ തുടക്കമിട്ട ഏറ്റവും വലിയ മൂല്യ വർദ്ധന പ്രവർത്തനങ്ങളിലൊന്നാണ് ഹിൽ വാല്യൂ യൂണിറ്റ്. കേരളത്തിലെ സൂപ്പർ മാർക്കറ്റുകളിലും, കുടുംബശ്രീ ഓൺലൈൻ മാർക്കറ്റിംഗ് ശൃഖലകളിലേക്കും ഹിൽ വാല്യൂ ഉത്പന്നങ്ങൾ ഉടൻ ലഭ്യമാക്കാനാണ് ഞങ്ങൾ ഉദ്ദേശിക്കുന്നത്. ആദിവാസി കർഷകർക്ക് തങ്ങളുടെ ഉത്പന്നങ്ങൾക്ക് സ്ഥിര വിപണി കണ്ടെത്തുന്നതിനും മൂല്യവർദ്ധനവ് നടത്തുന്നതിനുമുള്ള അവസരമാണ് ഹിൽ വാല്യു ബ്രാൻഡിങ്ങിലൂടെ ലഭിച്ചത്.